(ബി) ഇതിൽ സ്ഥിരം തൊഴിലാളികൾ, താല്ക്കാലിക തൊഴിലാളികൾ, സീസണൽ തൊഴിലാളികൾ എന്നിവർ എത്ര വീതം എന്നറിയിക്കാമോ;

(സി) 1996-97-ൽ എത്ര തൊഴിലാളികളെയാണ് ഇവിടെ സ്ഥിരപ്പെടുത്തിയത്;

(ഡി) ഇതിനുശേഷം തൊഴിലാളികളെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം എന്നും, എത്ര തൊഴിലാളികളെ എന്നും വ്യക്തമാക്കാമോ;

(ഇ) ഈ ഫാമിന് എത്ര ഹെക്ടർ സ്ഥലം ഉണ്ട്;

(എഫ്) ഏതൊക്കെ വിളകളാണ് ഇവിടെ കൃഷി ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(ജി) ഈ ഫാമിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 118 തൊഴിലാളികൾ.

(ബി) സ്ഥിരം തൊഴിലാളികൾ .. 21
താൽക്കാലിക തൊഴിലാളികൾ .. 97
സീസണൽ തൊഴിലാളികൾ .. ഇല്ല.

(സി) 1996-97-ൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തിയില്ല.

(ഡി) 1997-1998 .. 2 തൊഴിലാളികൾ
2000-2001 .. 1 തൊഴിലാളി
2002-2003 .. 15 തൊഴിലാളികൾ.

(ഇ) 11.72 ഹെക്ടർ.

(എഫ്) നെല്ല്, മൈനർ ട്യൂബേർസ്, തെങ്ങ്, ഏത്തവാഴ, ഇഞ്ചി, മഞ്ഞൾ, ചീര, കുരുമുളക് മുതലായവ.

(ജി) മെച്ചപ്പെട്ടുവരുന്നു.

വെങ്ങേരി കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രം

94 [1103] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വെങ്ങേരി കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രം പ്രവർത്തിച്ചു തുടങ്ങിയോ;

(ബി) എങ്കിൽ ഇപ്പോൾ എന്തൊക്കെ കാർഷിക വിഭവങ്ങളാണ് ഈ വ്യാപാര വിപണന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് എത്തുന്നത്;

(സി) ഇതിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കാനുള്ള സംവിധാനം എന്തൊക്കെയാണ്;

(ഡി) ഈ കേന്ദ്രത്തിൽ ഇപ്പോൾ എത്ര ജീവനക്കാർ പ്രവർത്തിച്ചുവരുന്നുണ്ട്;

(ഇ) കച്ചവടക്കാർക്ക് വാടകയ്ക്ക് കൊടുക്കുവാൻ എത്ര മുറികളാണ് സജ്ജമായിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അതിൽ എത്ര എണ്ണമാണ് ഇപ്പോൾ വാടകയ്ക്ക് കൊടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭാഗികമായി പ്രവർത്തിച്ചുതുടങ്ങി.

(ബി) ഏലം.

(സി) കൃഷി ഡയറക്ടറേറ്റിന്റെ കീഴിൽ ഡയറക്ടർ ഓഫ് മാർക്കറ്റിംഗ്, മാർക്കറ്റുകളുടെ പ്രവർത്തനം മേൽനോട്ടം വഹിക്കുന്നു. മാർക്കറ്റിന്റെ ഭരണ നിർവ്വഹണത്തിനായി ജില്ലാ കളക്ടർ ചെയർമാനായി മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ സ്ഥലം എം.എൽ.എ., കോർപ്പറേഷൻ മേയർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്), കർഷക പ്രതിനിധി, കച്ചവടക്കാരുടെ പ്രതിനിധി എന്നിവർ അംഗങ്ങളും മാർക്കറ്റ് സെക്രട്ടറി കൺവീനറുമാണ്. അത്യാവശ്യ സന്ദർഭങ്ങളിൽ തീരുമാനമെടുക്കുന്നതിനും സെക്രട്ടറിയെ സഹായിക്കാനുമായി ജില്ലാ കളക്ടറുടെ പ്രതിനിധി, പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ പ്രതിനിധി, മാർക്കറ്റ് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സമിതിയും നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി) 3

സെക്രട്ടറി (അഡീഷണൽ ചാർജ്)	..	1
അസിസ്റ്റന്റ് സെക്രട്ടറി	..	1
ജൂനിയർ സൂപ്രണ്ട്	..	1

(ഇ) ആകെ 92 മുറികൾ.

(എഫ്) 92 മുറികളിൽ 16 എണ്ണം 2000-ൽ തന്നെ കച്ചവടക്കാർക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള മുറികൾ നിർമ്മാണ ഏജൻസിയിൽ (കാലിക്കറ്റ് ഡെവലപ്മെന്റ് അതോറിറ്റി) നിന്നും മാർക്കറ്റ് സമുച്ചയം പൂർണ്ണമായും കൃഷിവകുപ്പിന് വിട്ടുകിട്ടിയതിനു ശേഷം കച്ചവടക്കാർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കരിമ്പ് കൃഷിഫാമിലെ റസ്റ്റ് ഹൗസ്

95 [1104] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കരിമ്പ് കൃഷിഫാമിലെ റസ്റ്റ്ഹൗസ് താമസയോഗ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ ഈ റസ്റ്റ്ഹൗസ് താമസയോഗ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് നൽകാമോ?

ഉത്തരം

(എ, ബി) ഉണ്ട്. റസ്റ്റ്ഹൗസ് താമസയോഗ്യമാക്കുന്നതിനായി കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ വികസന പദ്ധതി പ്രോജക്ട് നമ്പർ 5/03-ൽ ഉൾപ്പെടുത്തി 60,000 (അറുപതിനായിരം രൂപ) രൂപയ്ക്കുള്ള നവീകരണ ജോലിക്കായി 10-12-2003-ന് ദർഘാസ് വിളിച്ചെങ്കിലും ആരുംതന്നെ ദർഘാസുകളൊന്നും സമർപ്പിച്ചില്ല. ജില്ലാ പഞ്ചായത്തിന്റെ അനുമതിയോടുകൂടി വീണ്ടും ദർഘാസ് വിളിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly